LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത കർഷകരുടെ പ്രശ്നങ്ങൾ

62 [1194] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യങ്ങൾക്കായി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത കർഷകരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പണമിടപാട് ഉടമകൾ കർഷകരെ പീഡിപ്പിച്ചതായുള്ള കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കടക്കെണിയിൽ പെട്ടുപോയ ഇവരുടെ സമാശ്വാസത്തിനായി ഒരു പാക്കേജ് ആവിഷ്ക്കരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ ആന്റ് ബി) കൃഷിവകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. മറ്റ് ഏതെങ്കിലും നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ എന്നത് കൂട്ടായി ആലോചിച്ചതിനുശേഷമേ പറയുവാൻ കഴിയുകയുള്ളു.

തെങ്ങുരോഗ നിവാരണത്തിന് നടപടി

63 [1195] ശ്രീ. യു. സി. രാമൻ:
" സി. മമ്മൂട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" ടി. പി. എം. സാഹിർ:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുരോഗ നിവാരണത്തിന് ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിനാശം അനുഭവിക്കുന്ന കേരകർഷകരെ സഹായിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തെങ്ങുരോഗ നിവാരണത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളികേര ബോർഡ് പദ്ധതിപ്രകാരം കാറ്റുവീഴ്ച രോഗം ബാധിച്ച ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെറുകിട തോട്ടങ്ങളിൽ സംയോജിത കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുപുറമേ, ജൈവവള യൂണിറ്റുകളും സ്ഥാപിച്ചുവരുന്നു. സംസ്ഥാനാവിഷ്ക്കൃത പദ്ധതിപ്രകാരം വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് പ്രത്യേക ധനസഹായം അതോടൊപ്പം സംയോജിത വളപ്രയോഗം പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. നാളികേര ടെക്നോളജി മിഷൻ മുഖാന്തിരം തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച് മുഴുവൻ തെങ്ങുകളും വെട്ടിനീക്കി പകരം നല്ലയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു.

(ബി) സ്വീകരിച്ചുവരുന്നു.

തെങ്ങുരോഗം തടയുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി

64 [1196] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകൾക്ക് എന്തെല്ലാം തരത്തിലുള്ള രോഗങ്ങളാണ് പടർന്നുപിടിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുമൂലം നാളികേരത്തിന്റെ ഉൽപ്പാദനം എത്രമാത്രം കുറഞ്ഞിട്ടുണ്ട്;

(സി) തെങ്ങുരോഗം തടയുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) പ്രധാനമായും കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, ഓലചീയൽ, മണ്ഡരി എന്നീ രോഗങ്ങളാണ് കണ്ടുവരുന്നത്.

(ബി) ഏകദേശം 40-50 ശതമാനം ഉൽപ്പാദനക്കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) നാളികേര ടെക്നോളജി മിഷൻ മുഖാന്തിരം തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ കാറ്റുവീഴ്ചരോഗം ബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം നല്ലയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly